ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ക്രമനമ്പർ 4,6 എന്നീ തസ്തികകളിൽ താൽക്കാലിക ചാർജ് നൽകിയവരും ജോലി ചെയ്യുന്നുണ്ട്.

(ബി) ജനറൽ മാനേജർ (പ്രൊഡക്ഷൻ) ജനറൽ മാനേജർ (മലബാർ) എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇതിൽ ജനറൽ മാനേജർ (പ്രൊഡക്ഷൻ) തസ്തിക അച്ചടക്ക നടപടിക്ക് വിധേയനായ ശ്രീ. സുബ്രഹ്മണ്യഅയ്യരുടെ സ്ഥലംമാറ്റംമൂലവും ജനറൽ മാനേജർ (മലബാർ) തസ്തിക ടിയാന്റെ റിട്ടയർമെന്റ് മൂലവും ഒഴിഞ്ഞുകിടക്കുകയാണ്.

(സി) ഒഴിഞ്ഞുകിടക്കുന്ന രണ്ട് തസ്തികകളിലും പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജർമാർക്ക് അഡീഷണൽ ചാർജ് നൽകിയിരിക്കുകയാണ്. അഡീഷണൽ ചാർജ് വഹിക്കുവാൻ അവർ വിദ്യാഭ്യാസപരമായി യോഗ്യരാണ്.

(ഡി) ജനറൽ മാനേജർ (പ്രൊഡക്ഷൻ) തസ്തിക നികത്തുന്നതിനു വേണ്ട നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ജനറൽ മാനേജർ (മലബാർ) തസ്തിക പ്രൊമോഷൻവഴി നികത്തുന്നതിന് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

**147 (1879) പ്ലാന്റേഷൻ കോർപ്പറേഷനിലെ തസ്തികകൾ**

ശ്രീ. ജോർജ് ജെ മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ സ്റ്റാഫ് തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നു;

(ബി) അതിൽ നോൺ മെട്രിക്കുലേറ്റുകൾ എത്ര? ഏതൊക്കെ തസ്തികകളിലിവർ ജോലി ചെയ്യുന്നു;

(സി) മെട്രിക്കുലേറ്റുകൾ എത്ര? അവർ ഏതൊക്കെ തസ്തികയിൽ ജോലി ചെയ്യുന്നു.;

(ഡി) ബിരുദധാരികൾ എത്ര? അവർ ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നു;

(ഇ) ബിരുദാനന്തര ബിരുദധാരികളും പ്രൊഫഷണൽ യോഗ്യതകളും ഉള്ളവർ സ്റ്റാഫ് വിഭാഗത്തിൽ എത്രപേരുണ്ട്; അവർ ഏതേത് വിഭാഗങ്ങളിൽ എത്ര വർഷമായി ജോലി ചെയ്യുന്നു; അവർ ആരൊക്കെയാണ്; അവരുടെ യോഗ്യതകൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 534 പേർ ജോലി ചെയ്യുന്നു.

(ബി) 261 പേർ. അവർ താഴെ പറയുന്ന തസ്തികളിൽ ജോലി ചെയ്യുന്നു.

1. ഡ്രൈവർ
2. വാച്ചർ കം ഗേറ്റ്മാൻ
3. ഇലക്ട്രിക് ലൈൻമാൻ
4. മെഡിക്കൽ ഓർഡർലി
5. പ്യൂൺ

LIBRARY ARCHIVES Kerala Legislative Assembly

6. ഫീൽഡ് സൂപ്പർവൈസർ
7. ടാപ്പിംഗ് സൂപ്പർവൈസർ
8. പമ്പ് ഓപ്പറേറ്റർ
9. ഗണ്ണർ
10. അസിസ്റ്റന്റ് കുക്ക്
11. ഐ.ബി. ഹെൽപ്പർ
12. ബോട്ട്മാൻ
13. കാർപെന്റർ
14. മെയ്സൻ
15. ബ്ളാക്സ്മിത്ത്
16. ഫുൾടൈം സ്വീപ്പർ
17. വെഹിക്കിൾ ഹെൽപ്പർ.

(സി) 201 പേർ. അവർ താഴെ പറയുന്ന തസ്തികകളിൽ ജോലി ചെയ്യുന്നു.

1. സീനിയർ അസിസ്റ്റന്റ്
2. ഫസ്റ്റ് അസിസ്റ്റന്റ്
3. ജൂനിയർ അസിസ്റ്റന്റ്
4. സീനിയർ ഫീൽഡ് അസിസ്റ്റന്റ്
5. ഫസ്റ്റ് ട്രേഡ് ഫീൽഡ് അസിസ്റ്റന്റ്
6. ഫീൽഡ് അസിസ്റ്റന്റ്
7. നഴ്സ്, മിഡ്വൈഫ്
8. കമ്പൗണ്ടർ
9. ഹെഡ് ഡ്രാഫ്റ്റ്സ്മാൻ
10. സ്റ്റെനോഗ്രാഫർ
11. ഡ്രൈവർ
12. വാച്ചർ
13. മോട്ടോർ മെക്കാനിക്ക്
14. അസിസ്റ്റന്റ് ഫാക്ടറി മെക്കാനിക്ക്
15. ഇലക്ട്രീഷ്യൻ
16. ഇലക്ട്രിക് ലൈൻമാൻ
17. സ്റ്റ്യൂവാർഡ്
18. മെഡിക്കൽ ഓർഡർലി
19. പ്യൂൺ
20 ഫീൽഡ് സൂപ്പർവൈസർ
21. ടാപ്പിംഗ് സൂപ്പർവൈസർ
22. പമ്പ് ഓപ്പറേറ്റർ
23. ഗണ്ണർ
24. വെഹിക്കിൾ ഹെൽപ്പർ.

(ഡി) 54 പേർ.

അവർ താഴെ പറയുന്ന തസ്തികകളിൽ ജോലി ചെയ്യുന്നു.

1. സീനിയർ അസിസ്റ്റന്റ്
2. ഫസ്റ്റ് അസിസ്റ്റന്റ്
3. ജൂനിയർ അസിസ്റ്റന്റ്
4. സീനിയർ ഫീൽഡ് അസിസ്റ്റന്റ്

LIBRARY ARCHIVES Kerala Legislative Assembly

5. ഫീൽഡ് അസിസ്റ്റന്റ്
6. കെമിസ്റ്റ്
7. റിസപ്ഷനിസ്റ്റ്
8. കമ്പൗണ്ടർ
9. ഫസ്റ്റ് ഗ്രേഡ് ഫീൽഡ് അസിസ്റ്റന്റ്.

(ഇ) 18 പേരുണ്ട്. അവരുടെ പേരും, വിദ്യാഭ്യാസ യോഗ്യതയും ജോലി ചെയ്യുന്ന തസ്തികയും ജോലിയിൽ പ്രവേശിച്ച തീയതിയും ചുവടെ ചേർക്കുന്നു.

| പേര് - യോഗ്യത | ജോലി ചെയ്യുന്ന തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1. സി.എസ്. ബാബു. എം.എസ്.സി. | ഫീൽഡ്അസിസ്റ്റന്റ് | 19.3.98 |
| 2. അഗ്രേഷ്യസ് തോമസ്. എം.ഫിൽ | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 3. എൻ.എൻ. സതീശൻ " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 4.വിൻസെന്റ്സെബാസ്റ്റ്യൻ " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 5. കെ. ലാൽകുമാർ " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 6. രാജീവൻ കെ.പി. " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 7. പ്രസാദ് കെ.എസ്.ബി. " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 8. ഡി. ഹരികുമാർ ബി.എഡ് | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 9. പി. ഉമാമഹേശ്വർ " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 10. വിജയകുമാർ എം.ജി. " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 11. സാജു ജോൺ " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 12. ശ്രീലതാ റ്റി.റ്റി " | ഫീൽഡ്അസിസ്റ്റന്റ് | 7.9.98 |
| 13. കെ.ജി. ബന്നി " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 14. സക്കീർ ഹുസൈൻ എം.എ. | ഫീൽഡ്അസിസ്റ്റന്റ് | 7.9.98 |
| 15. ബിന്ദു ആർ നായർ " | ഫീൽഡ്അസിസ്റ്റന്റ് | 22.6.98 |
| 16. ബിജു റ്റി.ജെ. " | ഫീൽഡ്അസിസ്റ്റന്റ് | 1.12.98 |
| 17. അനിൽ കുമാർ എൻ. " | ഫീൽഡ്അസിസ്റ്റന്റ് | 22.2.99 |
| 18. എസ്. സുബാഷ്. എം.എ.എൽ.എൽ.ബി. പി.ജി.ഡിപ്ലോമ ഇൻ ബിസിനസ് അഡ്മിനിസ്ട്രഷൻ, പി.ജി. ഡിപ്ലോമ ഇൻമെറ്റീരിയൽ മാനേജ്മെന്റ് | സ്റ്റെനോഗ്രാഫർ | 22.3.76 |

**148 (1880) പ്ലാന്റേഷൻ കോർപ്പറേഷനിലെ നിയമനം**

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ നിയമിച്ചിട്ടുള്ളത് പാർട്ടൈം ചെയർമാനാണോ, ഫുൾടൈം ചെയർമാനാണോ എന്ന് വെളിപ്പെടുത്തുമോ;



LIBRARY ARCHIVES Kerala Legislative Assembly